19/03/22

08/03/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1184(4)/*2020/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8014/*എസ്.ഐ.സി–ജി 2/2020*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി 08.03.2022)

ശ്രീ. ജിതിൻരാജ്. കെ.ആർ,
വാണി നിവാസ്,
നോർത്ത് കളമശ്ശേരി- 683 104.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട് - ഭരണം,
   സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്,
   ആലപ്പുഴ.
2. അപ്പീൽ അധികാരി &
   അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
   സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്,
   ആലപ്പുഴ.

എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് 04.06.2020 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ, ജലഗതാഗത വകുപ്പിലെ ചില തസ്തികകൾ സംബന്ധിച്ച 36

ചോദ്യങ്ങൾ ഉന്നയിച്ചിട്ട് ഒരുമാസത്തിനു ശേഷവും കൃത്യമായ മറുപടി ലഭിച്ചില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് 07.08.2020 ൽ ടിയാൻ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 07.03.2022 ൽ ആലപ്പുഴ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്തു.

3. അപ്പീൽ ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ച ഘട്ടത്തിൽ കോവിഡ് മൂലമുള്ള ലോക്ക്ഡൗണും, ഓഫീസ് സ്റ്റാഫ് ഭാഗികമായി മാത്രം ഓഫീസിൽ എത്തുന്ന സ്ഥിതിയുമായിരുന്നു എന്നും, അപേക്ഷ കൈകാര്യം ചെയ്യേണ്ട ഉദ്യോഗസ്ഥർക്കടക്കം കോവിഡ് ബാധയുണ്ടായതുമൂലം ഓഫീസിന്റെ പ്രവർത്തനം വലിയ തോതിൽ തടസപ്പെട്ടിരുന്നുവെന്നും, അതുകൊണ്ടാണ് മറുപടി നൽകുന്നതിന് ഒരു മാസം കാലതാമസം ഉണ്ടായതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. മറുപടി ഇതിനകം കൃത്യമായി നൽകിയിട്ടുണ്ടെന്നും, മന:പൂർവ്വമല്ലാത്ത കാര്യങ്ങൾ കൊണ്ട് സംഭവിച്ച കാലതാമസം മാപ്പാക്കണമെന്നും ടിയാൻ മൊഴിയിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. മറുപടി വൈകിയതിന് ടിയാൻ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ കരുതുന്നു. അതുകൊണ്ടു തന്നെ ഇത് കമ്മീഷൻ അംഗീകരിക്കുന്നു. അപേക്ഷകന്റെ എല്ലാ ചോദ്യങ്ങൾക്കും ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ടി മറുപടിയുടെ പകർപ്പ് ഒന്നാം എതിർകക്ഷി കമ്മീഷന് ലഭ്യമാക്കിയിട്ടും ഉണ്ട്.

5. മേൽപറഞ്ഞ കാര്യങ്ങളെല്ലാം പരിഗണിച്ച് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് കമ്മീഷൻ ഇന്നേദിവസം 08.03.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re